# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1793 — 7/3/2018-ൽ മറുപടിക്ക്

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ബ്ലഡ് ബാങ്കിന് ലൈസെൻസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. ആൻസലൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ആരംഭിക്കുന്നതിന് ഡ്രഗ് കൺട്രോളറിൽ നിന്നും ലൈസൻസ് ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ബ്ലഡ് ബാങ്ക് ആരംഭിക്കുന്നതിന് ആവശ്യമായ ടെക്നിഷൻമാരെയും, കൗൺസിലറെയും നിയമിക്കുന്നതിന് സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയ്ക്കും ഡി.എം.ഒയ്ക്കും ആശുപത്രി സൂപ്രണ്ട് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ; | ബി) നിലവിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ഇല്ലാത്തതിനാൽ കൗൺസിലറുടെയും ടെക്നീഷ്യൻമാരുടെയും തസ്തിക നിലവിലില്ല. നെയ്യാറ്റിൻകര താലൂക്കാശുപത്രി ബ്ലഡ് ബാങ്കിനെ നാഷണൽ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷൻ (NACO) അടുത്ത സാമ്പത്തിക വർഷം അവരുടെ പട്ടികയിൽ ഉൾപ്പെടുത്തി തസ്തിക അനുവദിക്കുന്ന മുറയ്ക്ക് സ്റ്റാഫിനെ നിയമിക്കുന്നതാണ്. |
| സി) ടെക്നീഷ്യനെയും കൗൺസിലറേയും ബ്ലഡ് ബാങ്ക് പ്രവർത്തനം ആരംഭിക്കുന്ന 2018 മാർച്ച് മാസത്തിൽ നിയമിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ; | സി) ഈ സാമ്പത്തിക വർഷം കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയിൽ പുതിയ നിയമനം നടത്തുവാൻ സാധിക്കുകയില്ല. എങ്കിലും രക്തബാങ്കിന്റെ പ്രവർത്തനത്തിന് ആവശ്യമായ ടെസ്റ്റിംഗ് കിറ്റുകൾ, ബ്ലഡ് ബാഗുകൾ എന്നിവ നൽകുവാൻ സാധിക്കും. |
| ഡി) ബ്ലഡ് ബാങ്ക് ആരംഭിക്കുന്നതിന് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയ്ക്ക് ഭാവിയിൽ എന്തൊക്കെ ചെയ്യാം എന്ന് വ്യക്തമാക്കുമോ? | ഡി) നെയ്യാറ്റിൻകര ബ്ലഡ്ബാങ്കിന്റെ ദൈനംദിന പ്രവർത്തനത്തിന് ആവശ്യമായ ടെസ്റ്റ് കിറ്റുകൾ, റീ ഏജന്റുകൾ എന്നിവ ലഭ്യമാക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ